## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.364 10/03/2015-ൽ മറുപടിക്ക്

# നെന്മാറ മണ്ഡലത്തിൽ പുതിയ വൈദ്യുതി കണക്ഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) നെന്മാറ നിയോജക മണ്ഡലത്തിൽ പുതുതായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ; | (എ) 03.03.2015 വരെ 55 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 4 അപേക്ഷകർ എസ്റ്റിമേറ്റ് തുക ഒടുക്കിയിട്ടുണ്ട്. മറ്റുള്ള, 51 അപേക്ഷകരോട് എസ്റ്റിമേറ്റ് തുക ഒടുക്കുവാൻ അറിയിപ്പ് നൽകിയിട്ടുണ്ട്. |
| (ബി) ഇപ്പോൾ ലഭിച്ചിട്ടുള്ള അപേക്ഷകൾ മുഴുവൻ തീർപ്പാക്കുന്നതിന് എത്ര സമയം വേണമെന്ന് വിശദമാക്കുമോ ; | (ബി) എസ്റ്റിമേറ്റ് തുക ഒടുക്കിയ 4 അപേക്ഷകർക്ക് 15.03.2015 നകം കണക്ഷൻ നൽകുവാൻ നടപടി എടുത്തിട്ടുണ്ട്. മറ്റുള്ളവവർക്ക് എസ്റ്റിമേറ്റ് തുക ഒടുക്കുന്ന മുൻഗണന ക്രമത്തിൽ കണക്ഷൻ നൽകാൻ കഴിയുന്നതാണ്. |
| (സി) ഗാർഹിക ആവശ്യത്തിന് അപേക്ഷിച്ചാൽ ഉടൻതന്നെ കണക്ഷൻ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) ഗാർഹിക വൈദ്യുതി കണക്ഷന് അപേക്ഷിക്കുന്നവർക്ക് എസ്റ്റിമേറ്റ് തുക ഒടുക്കുന്ന മുൻഗണന ക്രമത്തിൽ കണക്ഷൻ നൽകുന്നുണ്ട്. എന്നാൽ വെതർപ്രൂഫ് മാത്രം ആവശ്യമുള്ള 500 വാട്ട്സിൽ താഴെയുള്ള ബി.പി.എൽ., 1000 വാട്ട്സിൽ താഴെയുള്ള പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്ന കണക്ഷനുകൾ എന്നിവ എസ്റ്റിമേറ്റ് തുക ഒടുക്കാതെ തന്നെ മുൻഗണനാ പ്രകാരം ഉടൻ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ